# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 154 03.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

## വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡിമരണം

| | ചോദ്യം<br><br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡിമരണ കേസിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; | (എ) | സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആർക്കെല്ലാമെതിരെയാണ് കൊലക്കുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | ഈ കേസിലെ ഒന്നു മുതൽ നാല് വരെ പ്രതികൾക്കെതിരെയാണ് കൊലക്കുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. |
| (സി) | ആരോപണ വിധേയനായ അന്നത്തെ എറണാകുളം റൂറൽ പോലീസ് സൂപ്രണ്ടിനെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താതെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | കേസന്വേഷണത്തിൽ കുറ്റക്കാരെന്നുകണ്ടെത്തിയവരെയാണ് പ്രതിപ്പട്ടികയിൽ ചേർത്ത് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | ആരോപണ വിധേയരായ പോലീസുദ്യോഗസ്ഥർക്കെതിരെ റൂറൽ എസ്.പി. സാക്ഷി പറയുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; | (ഡി) യും (ഇ) യും | പരിശോധിച്ചിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ, റൂറൽ എസ്.പി.യുടെ നിർദ്ദേശപ്രകാരമാണ് നിരപരാധിയായ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തതെന്ന സാക്ഷിമൊഴിയുടെ | | |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ അദ്ദേഹത്തെ പ്രതിപ്പട്ടികയിൽ ചേർക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ